# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം-അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ ജ്യോതിസ്സ് ജോസഫ് ജോർജ്ജിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:- 1.Lr.No.A6/668/2024DMO(H)KTM, dtd:05/11/2024.

**ഉത്തരവ് നം. (കെ.ഡിസ്)ഇ.ബി2-25452/2024/ആ.വ.ഡ തീയതി : 11-08-2025**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ 08/11/2013-നു സേവനത്തിൽ പ്രവേശിയ്ക്കുകയും പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ഡോ.ജ്യോതിസ്സ് ജോസഫ് ജോർജ്ജിന്റെ വർക്ക് ആൻഡ് കോണ്ടാക്ട് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് പാർട്ട് I I ചട്ടം 19(a)(ii) പ്രകാരം ഡോ.ജ്യോതിസ്സ് ജോസഫ് ജോർജ്ജിന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്ക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ഡോ.ജ്യോതിസ്സ് ജോസഫ് ജോർജ്ജിന്റെ മേൽവിലാസത്തിലേയ്ക്ക് അയയ്ക്കുവാൻ മേൽവിലാസം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി ജീവനക്കാരന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കംചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ അറിവിലേയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

2 . പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെകിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ താങ്കളെ നേരിട്ട്

കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയതു ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വാദപ്രതിവാദ പത്രികയോ വിശദീകരണമോ താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നറിയിക്കുന്നു.

Signed by
Reena K J
Date: 11-08-2025 20:59:07

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ ജ്യോതിസ്സ് ജോസഫ് ജോർജ്ജ്.

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.
2. ഫയൽ/കരുതൽ ഫയൽ.